**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35** **28-01-2026 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന്റെ 'വിഷൻ 2031' പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ</td><td colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>രാജ്യത്തെ മുൻനിര വ്യവസായനിക്ഷേപ കേന്ദ്രമാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പ് 'വിഷൻ 2031' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;</td><td>(എ)</td><td>ഉണ്ട്.<br><br>മുൻനിര വ്യവസായ ഹബ്ബാക്കി കേരളത്തെ മാറ്റുന്നതിനുള്ള പദ്ധതികളാണ് വിഷൻ 2031-ലൂടെ രൂപം കൊടുത്തിരിക്കുന്നത്. നവീന സാങ്കേതികവിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സെമികണ്ടക്ടർ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ വിഷൻ 2031 പ്രധാന്യം നൽകുന്നു. ഇൻകുബേഷൻ ഹബ്ബുകൾ, ഇന്നവേഷൻ ഹബ്ബുകൾ, വ്യവസായ ഇടനാഴികൾ എന്നിവയിലധിഷ്ഠിതമായ സുസ്ഥിര വികസനം, നിക്ഷേപം വർദ്ധിപ്പിക്കൽ, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയവ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.</td></tr>
<tr><td>(ബി)</td><td>ഭാവിയിലെ വ്യാവസായിക ആവശ്യങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്ത് യുവജനങ്ങളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ നൈപുണ്യവികസന-സംരംഭക സർവകലാശാല സ്ഥാപിക്കുവാൻ 'വിഷൻ 2031' വിഭാവനം ചെയ്യുന്നുണ്ടോ; വിശദമാക്കാമോ;</td><td>(ബി)</td><td>ഉണ്ട്.<br><br>നൈപുണ്യ വികസനം, ഗവേഷണം, സംരംഭകത്വം എന്നിവയിൽ ശ്രദ്ധകേന്ദ്രീകരിച്ചുള്ള ഒരു പൊതു-സ്വകാര്യ പങ്കാളിത്ത സർവകലാശാല "വിഷൻ 2031” ൽ വിഭാവനം ചെയ്തിട്ടുണ്ട്. വ്യാവസായികാവശ്യങ്ങൾക്കനുസരിച്ചുള്ള കഴിവുകൾ യുവതയിൽ വളർത്തിയെടുക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വ്യവസായ സംയോജിത വിദ്യാഭ്യാസം, ഇൻകുബേഷൻ, വിജ്ഞാന വ്യാപനം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള മാതൃകയാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്.<br><br>സർവ്വകലാശാലകളുടെ നവീകരണ പ്രക്രിയയുടെ ഭാഗമായി കേരളത്തിലെ തെരഞ്ഞെടുത്ത സർവ്വകലാശാലകളെ 2031 ആകുമ്പോഴേക്കും സംരംഭക സർവ്വകലാശാലകളാക്കി പുന:ക്രമീകരിക്കുന്നതിനും ഇത്തരം</td></tr>
</table>

| | | | |
|---|---|---|---|
| | | | സർവ്വകലാശാലകളെ പരമ്പരാഗത അക്കാദമിക് ഘടനയിൽ നിന്നും മാറ്റി സംരംഭകത്വം, ബൗദ്ധിക സ്വത്തവകാശം (Intellectual Property Rights), പങ്കാളിത്തം എന്നിവയ്ക്ക് പ്രധാന്യം നൽകിയുള്ള പാഠ്യപദ്ധതിയിലൂടെയും ഇന്റർ ഡിസിപ്ലിനറി ഗവേഷണ പ്രവർത്തനങ്ങളിലൂടെയും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. |
| (സി) | ഉന്നത സാങ്കേതിക ശേഷിയുള്ള വ്യവസായ കേന്ദ്രങ്ങളുടെ ആഗോള ലക്ഷ്യസ്ഥാനമാക്കി സംസ്ഥാനത്തെ മാറ്റുന്നതിനായി ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ സ്ഥാപിക്കാൻ 'വിഷൻ 2031' പദ്ധതി ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്.<br><br>2030-ഓടെ കേരളത്തെ ലോകോത്തര നിലവാരമുള്ള ഒരു 'സ്പെഷ്യലൈസ്ഡ് ജി.സി.സി ഡെസ്റ്റിനേഷൻ' (Specialized GCC Destination) ആയി ഉയർത്താനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തിലെ ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളുടെ എണ്ണം 40 ൽ നിന്ന് 2030 അവസാനത്തോടെ 120 ആയി ഉയർത്താൻ ലക്ഷ്യമിടുന്നു. ആഗോള തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ നിർമ്മിത ബുദ്ധി (AI), സൈബർ സുരക്ഷ, ഹെൽത്ത്-ടെക്, ബി.എഫ്.എസ്.ഐ (BFSI), സാസ് (SaaS) തുടങ്ങിയ മേഖലകളിൽ വൈദഗ്ധ്യമുള്ള കേന്ദ്രമായി കേരളത്തെ മാറ്റുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം.<br><br>ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾക്കായി പ്രത്യേകമായി സജ്ജീകരിച്ച 5 ക്യാമ്പസുകളും, എ ഐ, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ അധിഷ്ഠിതമായ 3 പ്രത്യേക സെന്റർ ഓഫ് എക്സലൻസുകളും (CoEs) 2030- ഓടെ സ്ഥാപിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ നഗരങ്ങളിലെ ഐ.ടി പാർക്കുകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തനം നടക്കുന്നത്. |
| (ഡി) | വ്യവസായമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പരിഷ്കാരങ്ങൾ, വ്യവസായ ഇടനാഴികൾ, ഇന്നവേഷൻ ഹബ്ബുകൾ തുടങ്ങിയവ 'വിഷൻ 2031' ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>വ്യവസായ ഇടനാഴികൾ, ഇന്നവേഷൻ ഹബ്ബുകൾ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, വ്യവസായ ടൗൺഷിപ്പുകൾ, സ്മാർട്ട് വ്യവസായ പാർക്കുകൾ, വ്യവസായ ഹബ്ബുകൾ എന്നിവയിലൂടെ വ്യവസായമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പരിഷ്കാരങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നത്. ഗ്രീൻ ഹൈഡ്രജൻ, ഗ്രാഫീൻ, റോബോട്ടിക്സ്, ഇലക്ട്രിക് വാഹനങ്ങൾ, സെമി കണ്ടക്ടർ, ഇലക്ട്രോണിക്സ്, ബയോടെക്, ഡിഫൻസ്-എയറോസ്പെയ്സ് തുടങ്ങിയ നൂതന വ്യവസായ മേഖലയ്ക്കും വിഷൻ 2031 ഊന്നൽ നൽകുന്നു. |

സെക്ഷൻ ഓഫീസർ